കേരളത്തിലെ മാതൃഭാഷാ പഠനത്തിന്റെ നിലവിലുള്ള അവസ്ഥ, ഭാഷാ പഠനം ശക്തിപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ എന്നിവ സംബന്ധിച്ച പഠനം

റിപ്പോർട്ട്

സംസ്ഥാനവിദ്യാഭ്യാസവകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകളിൽ മലയാളപഠനത്തിന് മുഖ്യ പരിഗണന നൽകിവരുന്നു. ഒന്നുമുതൽ നാലുവരെ ക്ലാസുകളിൽ സംസ്ഥാനത്തിന്റെ അംഗീകൃത സിലബസ് അനുസരിച്ച് പഠനമാധ്യമം മലയാളമാണ്. ഒന്ന്, രണ്ട് ക്ലാസുകളിൽ ഇന്റഗ്രേറ്റഡ് പാഠപുസ്തകങ്ങളാണ് നിലവിലുള്ളത്. 3, 4 ക്ലാസുകളിൽ മലയാളം മുഖ്യവിഷയമാണെങ്കിലും ഗണിതം, പരിസരപഠനം എന്നിവ പ്രത്യേകവിഷയങ്ങളായിത്തന്നെ പഠിപ്പിക്കുന്നു. ഒന്നാം ക്ലാസുമുതൽ അറബിക് പഠിക്കാനുള്ള അവസരം അധികമായി നൽകുന്നുണ്ട്. 2008 – 09 അധ്യായന വർഷം ഒന്നാം ക്ലാസു മുതൽ ഇംഗ്ലീഷ് പഠിക്കാനുള്ള ക്രമീകരണവും ഉണ്ട്.

5 – 7 ക്ലാസുകളിൽ ഒന്നാം ഭാഷ മലയാളമാണ്. ആഴ്ചയിൽ 8 പിരീഡ് ഇതിനായി നീക്കിവയ്ക്കുന്നു. ഹിന്ദി. ഇംഗ്ലീഷ് എന്നിവയും ഈ ക്ലാസുകളിൽ നിർബന്ധിതമാണ്. എന്നാൽ ഒന്നാം ഭാഷയെ രണ്ടു പേപ്പറുകളായിതിരിച്ച് അതിലെ ഒന്നാം പേപ്പറായി ഉർദു, അറബിക്, സംസ്കൃതം എന്നീ ഭാഷകൾ പഠിക്കാൻ അവസരം നൽകുന്നുണ്ട്. ഈ കുട്ടികൾ രണ്ടാം പേപ്പറായി മലയാളം പഠിക്കണം.

8 – 10 ക്ലാസുകളിലും ഒന്നാം ഭാഷ മലയാളം തന്നെ. എന്നാൽ 5 – 7 ക്ലാസുകളിലെപ്പോലെ ഇവിടെയും മറ്റു ഭാഷകൾ പഠിക്കാൻ അവസരമുണ്ട്.

പീരീഡ് ഘടന (5 – 10 ക്ലാസുകൾ)

ഒന്നാം ഭാഷ – ആഴ്ചയിൽ 6 പീരീഡ്

പേപ്പർ I (മലയാളം, അറബിക്, ഉർദു, സംസ്കൃതം) – 4 പീരീഡ്

പേപ്പർ II (മലയാളം) – 2 പീരീഡ്

ഭാഷാ ന്യൂനപക്ഷങ്ങൾ (തമിഴ്, കന്നട)ക്ക് മലയാളത്തിനു തത്തുല്യമായി അവരുടെ മാതൃഭാഷ പഠിച്ചാൽ മതിയാവും.

5-ാം ക്ലാസു മുതൽ ഇംഗ്ലീഷ് മീഡിയം ആരംഭിക്കുന്നുണ്ടെങ്കിലും ഭാഷാപഠനത്തിന്റെ ഘടനയിൽ മാറ്റമില്ല. ഇതിനു പുറമെ സംസ്ഥാനത്ത് രണ്ട് ഗുജറാത്തി സ്കൂളുകളുണ്ട്. അവിടെ പഠനമാധ്യമം ഇംഗ്ലീഷാണ്. മാതൃഭാഷയായി ഗുജറാത്തി പഠിപ്പിക്കുന്നു.

ഓറിയന്റൽ സ്കൂളുകൾ എന്ന നിലയിൽ 22 സംസ്കൃതം സ്കൂളുകളും 10 അറബിക് സ്കൂളുകളുമുണ്ട്. ഈ സ്കൂളുകളിൽ ഒന്നാം ഭാഷയിലെ രണ്ടു പേപ്പറും സംസ്കൃതമോ അറബിയോ ആണ്. ഈ വിദ്യാർഥികൾ മലയാളം പഠിക്കേണ്ടതില്ല. എന്നാൽ മലയാളം ഉൾപ്പെടെയുള്ള വിഷയങ്ങൾ പ്രൈമറി ക്ലാസുകളിൽ പഠിപ്പിക്കാനുള്ള പരിശീലനം നൽകുന്ന റ്റി.റ്റി.സി. കോഴ്സിന്

ഇവിടെ പഠിച്ച വിദ്യാർഥികൾക്കും ചേരാവുന്നതാണ്. സംസ്ഥാനത്തിനു പുറത്തുനിന്ന് കുടിയേറിയ അന്യഭാഷക്കാരുടെ കുട്ടികൾക്കു പഠിക്കാനായി സ്പെഷ്യൽ ഇംഗ്ലീഷ് (ക്ലാസ് 5 മുതൽ) പഠിപ്പിച്ചു വരുന്നു. ഇവിടെ ഒന്നാം ഭാഷയ്ക്കു പകരം സ്പെഷ്യൽ ഇംഗ്ലീഷും അഡീഷണൽ ഇംഗ്ലീഷുമാണ് പഠിപ്പിക്കുന്നത്. ഗവൺമെന്റ് - എയ്ഡഡ് മേഖലകളിൽ ഇത്തരം സ്കൂളുകളുണ്ട്. കഴിഞ്ഞവർഷം എസ്.എസ്.എൽ.സി. ക്ക് 228 സ്കൂളുകളിൽ നിന്ന് 1731 വിദ്യാർഥികളാണ് സ്പെഷ്യൽ ഇംഗ്ലീഷ്, അഡീഷണൽ ഇംഗ്ലീഷ് പരീക്ഷ എഴുതിയത്. ഇവർക്കായി പ്രത്യേക ഡിവിഷനുകൾ ഒരു സ്കൂളുകളിലും അനുവദിച്ചിട്ടില്ല.

ഒന്നാം ഭാഷയുടെ രണ്ടാം പേപ്പറായി പഠിപ്പിച്ചിരുന്നത് കഥാസമാഹാരങ്ങളോ ജീവചരിത്രസമാഹാരങ്ങളോ നോവൽ സംഗ്രഹമോ നാടകങ്ങളോ മാത്രമായിരുന്നു. ഭാഷാവ്യവഹാരങ്ങളിൽ ഏർപ്പെടാനുള്ള ശേഷിപരിശോധിക്കുന്ന പരീക്ഷയാണ് രണ്ടാം പേപ്പറിൽ നടത്തിയിരുന്നത്. അധികവായനാവിഭവങ്ങൾ എന്ന നിലയിലാണ് രണ്ടാം പേപ്പറിലെ മേൽപറഞ്ഞ പാഠപുസ്തകങ്ങളെ പരിഗണിച്ചിരുന്നത്. ഈ പേപ്പർ മാത്രം പഠിച്ചിരുന്ന വിദ്യാർഥികൾക്ക് പൊതുവിൽ മാതൃഭാഷയിൽ പ്രാവീണ്യം കുറഞ്ഞിരുന്നതായി നിരീക്ഷിക്കപ്പെടുന്നു.

ഹയർസെക്കന്ററിയിൽ ഒന്നാം ഭാഷയായി (പാർട്ട് I) പഠിപ്പിക്കുന്നത് ഇംഗ്ലീഷാണ്. മാതൃഭാഷ ഉൾപ്പെടെ 12 ഭാഷകളിൽ നിന്ന് ഒന്ന് രണ്ടാം ഭാഷയായി തിരഞ്ഞെടുക്കണം. ഇന്ത്യൻ ഭാഷകളും വിദേശഭാഷകളും ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു. (മലയാളം, തമിഴ്, കന്നഡ, ഹിന്ദി, ഉറുദു, അറബിക്, സംസ്കൃതം, ഫ്രഞ്ച്, ജർമ്മൻ, റഷ്യൻ, ലാറ്റിൻ, സിറിയക്) വ്യത്യസ്ത നിലവാരത്തിലാണ് ഇവ പഠിപ്പിച്ചു വരുന്നത്. വൊക്കേഷണൽ ഹയർസെക്കന്ററിയിൽ ഇംഗ്ലീഷ് മാത്രമാണ് ഭാഷയായി പഠിക്കേണ്ടത്.

കേരളപാഠ്യപദ്ധതിചട്ടക്കൂട് 2007 മാതൃഭാഷാപഠനത്തിന്റെ ലക്ഷ്യങ്ങൾ നിർവചിക്കുകയും പഠനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു. പ്രൈമറി തലത്തിൽ അടിസ്ഥാനഭാഷാ ശേഷികൾ വികസിപ്പിക്കുന്നതിനും സർഗാത്മകത പോഷിപ്പിക്കുന്നതിനും സഹായകരമായ പഠനാനുഭവങ്ങൾ നൽകണമെന്ന് പാഠ്യപദ്ധതി നിർദ്ദേശിക്കുന്നു. ഇതിനുള്ള അവസരം എല്ലാ വിദ്യാർത്ഥികൾക്കും ഒരു പോലെ ലഭ്യമാകേണ്ടതാണ്. സെക്കന്ററിയിൽ എത്തുന്ന വിദ്യാർത്ഥികൾ ഉയർന്ന ഭാഷാവ്യവഹാരങ്ങളിൽ ഏർപ്പെടണമെന്ന് ലക്ഷ്യം വയ്ക്കുന്നു. സാമൂഹികബോധം, ചിന്ത, ഭാവന എന്നിവ പോഷിപ്പിക്കുന്ന തരത്തിലാണ് ഈ ഘട്ടത്തിലെ ഭാഷാപഠനം ക്രമീകരിക്കേണ്ടത്. വൈവിധ്യമുള്ള രചനകൾ വായിച്ച് അപഗ്രഥിക്കാനും ഫലപ്രദമായി പ്രതികരിക്കാനും വിദ്യാർഥികൾക്കു കഴിയണം. വിമർശനാവബോധത്തിന്റെ അടിത്തറ വികസിച്ചുവരേണ്ടത് മാതൃഭാഷാപഠനത്തിലൂടെയാണ്.

ഹയർസെക്കന്ററിയിൽ വിശേഷവ്യവഹാരങ്ങളിൽ ഉൾക്കാഴ്ച വളർത്തുന്ന ഭാഷാപഠനമാണ് ലക്ഷ്യമിടുന്നത്. ഒരു പ്രത്യേക ഡിസിപ്ലിൻ എന്ന നിലയിൽ ഭാഷയെ സമീപിക്കാനും ഇവിടെ അവസരം നൽകുന്നു. മാധ്യമപഠനം, ഭാഷാശാസ്ത്രം, സംസ്കാരപഠനം, സാഹിത്യം തുടങ്ങിയവ പ്രമുഖ മേഖലകളായി ഇവിടെ പരിചയപ്പെടുത്തേണ്ടതുണ്ട്.

കേരളപാഠ്യപദ്ധതി ചട്ടക്കൂട് - 2007 ലെ നിർദ്ദേശങ്ങൾ പരിഗണിച്ച് മാതൃഭാഷാപഠനത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി

5 – 10 ക്ലാസ്സുകളിൽ മലയാളം – രണ്ടാം പേപ്പറിനായി 'അടിസ്ഥാനപാഠാവലി' എന്ന പേരിൽ സമഗ്രമായ പാഠപുസ്തകങ്ങൾ തയ്യാറാക്കി വരുന്നു. മാതൃഭാഷാപഠനത്തിന്റെ എല്ലാ മേഖലകളെയും സ്പർശിക്കുന്നതരത്തിലാണ് ഇത് രൂപകല്പനചെയ്തിട്ടുള്ളത്. എന്നാൽ നിലവിലുള്ള പിരീഡ് ഘടന ഈ പാഠപുസ്തകം ഫലപ്രദമായി വിനിമയം ചെയ്യാൻ പര്യാപ്തമല്ല. അതിനാൽ പല സ്കൂളുകളിലും അധിക സമയം കണ്ടെത്തിയാണ് പഠനാനുഭവങ്ങൾ നൽകിവരുന്നത്.

ഇതര തെന്നിന്ത്യൻ സംസ്ഥാനങ്ങളിലെ മാതൃഭാഷാപഠനം

പ്രാഥമികമായ അന്വേഷണങ്ങളിൽ നിന്നു ലഭിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) ആന്ധ്രാപ്രദേശ്

ആന്ധ്രാപ്രദേശിൽ സംസ്ഥാനത്തിന്റെ ഔദ്യോഗികഭാഷ തെലുങ്കാണ്. എന്നാൽ ഉർദു മാതൃഭാഷയായിട്ടുള്ള വലിയൊരുവിഭാഗം ജനങ്ങൾ അവിടെയുണ്ട്. തെലുങ്ക് മാതൃഭാഷയായിട്ടുള്ളവർ 1 – 10 ക്ലാസുകളിൽ ഒന്നാംഭാഷയായി നിർബന്ധമായും തെലുങ്ക് പഠിക്കണം. ഉർദു മാതൃഭാഷയായിട്ടുള്ളവർ എല്ലാ ക്ലാസിലും ഒരു നിർബന്ധിത ഭാഷയായി തെലുങ്ക് പഠിക്കേണ്ടതാണ്. 11, 12 ക്ലാസുകളിൽ ഇംഗ്ലീഷും മറ്റൊരുഭാഷയും പഠിക്കാനുള്ള അവസരമാണുള്ളത്. ഭാഷാപഠനത്തിന്റെ കാര്യത്തിൽ സംസ്ഥാനത്തിനു പുറത്തുള്ള ബോർഡുകളുടെ മേൽ നിയന്ത്രണം ഏർപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

(2) കർണ്ണാടക

1 – 7 ക്ലാസുകളിൽ നിർബന്ധിത ഒന്നാംഭാഷയായി കന്നഡ പഠിക്കണം. 8 – 12 ക്ലാസുകളിൽ ഒരു ഭാഷ എന്ന നിലയിൽ എല്ലാ വിദ്യാർത്ഥികളും കന്നഡ പഠിക്കേണ്ടതാണ്. സി.ബി.എസ്.സി തുടങ്ങളിയ സ്ട്രീമുകളിലും കന്നഡ നിർബന്ധിതമാക്കണമെന്ന് ആവശ്യപ്പെട്ട് പ്രക്ഷോഭങ്ങൾ നടന്നുവരുന്നു.

(3) തമിഴ്നാട്

1 –12 ക്ലാസുകളിൽ നിർബന്ധിത ഒന്നാംഭാഷ മാതൃഭാഷയാണ്. രണ്ടാംഭാഷയായി ഇംഗ്ലീഷ് പഠിപ്പിച്ചുവരുന്നു. മാതൃഭാഷ ഒന്നാം ഭാഷയായിരിക്കുമ്പോൾത്തന്നെ തമിഴ്, മലയാളം, കന്നഡ, തെലുങ്ക് എന്നിവയ്ക്കുപുറമെ ഹിന്ദി, ഫ്രഞ്ച്, ജർമ്മൻ, അറബിക്, ഉർദു, സംസ്കൃതം തുടങ്ങിയ ഭാഷകളും തിരഞ്ഞെടുക്കാനുള്ള അവസരം മെട്രിക്കുലേഷൻ ബോർഡ് പബ്ലിക് സ്കൂളുകൾക്ക് നൽകിയിരിക്കുന്നു. ഇത് വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതോടെ 2008-ൽ 1-10 ക്ലാസുകളിൽ തമിഴ് നിർബന്ധിതഭാഷയായി പ്രഖ്യാപിച്ചു. ഇതിനെതിരെ മലയാളിസമാജം സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തുവെങ്കിലും ഗവൺമെന്റ് തീരുമാനത്തിന് അനുകൂലമായ വിധിയാണ് ഉണ്ടായത്. തമിഴ് ഒന്നാംഭാഷയായി പഠിക്കുമ്പോഴും ന്യൂനപക്ഷ താല്പര്യങ്ങൾ പരിഗണിച്ച് ഓപ്ഷണലായി മറ്റു മാതൃഭാഷകളും പഠിക്കാമെന്ന നിലപാടാണ് ഇപ്പോൾ സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. സെക്കന്ററിയിൽ ആഴ്ചയിൽ ഏഴുപീരീഡ് തമിഴിനായി മാറ്റിവച്ചിട്ടുണ്ട്.

4. സി.ബി.എസ്.സി

രണ്ടു ഭാഷകളാണ് പഠിക്കേണ്ടത്. അതിൽ ഒരുഭാഷ ഇംഗ്ലീഷോ ഹിന്ദിയോ ആയിരിക്കണം. രണ്ടാം ഭാഷയായി ഈ ഭാഷകൾ ഉൾപ്പെടെ മുപ്പത് ഭാഷകളിൽ നിന്ന് ഒരു ഭാഷ തിരഞ്ഞെടുത്ത് പഠിക്കാം. രണ്ടു ഭാഗവും (കോർ/ഇലക്ടീവ്) ഒരേ ഭാഷ പഠിക്കാൻ അനുവദിക്കുന്നതല്ല. മേൽപ്പറഞ്ഞ മുപ്പത് ഭാഷകളിൽ ഒന്ന് മലയാളമാണ്. ഓരോഭാഷയ്ക്കും ആഴ്ചയിൽ ഏഴ് പീരീഡ് വീതം അനുവദിച്ചിട്ടുണ്ട്.

5. ഐ.സി.എസ്.ഇ

10-ാം ക്ലാസുവരെ ഇംഗീഷ് നിർബന്ധിതമായി പഠിക്കണം. രണ്ടാംഭാഷയായി മലയാളം ഉൾപ്പെടുയുള്ള ഭാഷകളിൽ നിന്ന് ഒന്ന് തിരഞ്ഞെടുക്കാം. 11, 12 ക്ലാസുകളിൽ ഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് പഠിച്ചാൽ മതിയാകും. മലയാളം ഉൾപ്പെടെയുള്ള ഭാഷകൾ ഓപ്ഷണലായി പഠിക്കാൻ അവസരമുണ്ട്.

പൊതുവായ നിരീക്ഷണങ്ങൾ

ജനതയുടെ സംസ്കാരചിഹ്നവും അവരെ ഒരുമിപ്പിക്കുന്ന ഘടകവുമാണ് ഭാഷ. വ്യത്യസ്ത ജനവിഭാഗങ്ങളെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി അവരുടെ ഭാഷയെ അംഗീകരിക്കേണ്ടതുണ്ട്. വ്യത്യസ്ത ജനവിഭാഗങ്ങൾ കേരളത്തെ അവരുടെ കർമ്മമണ്ഡലമായി പരിഗണിക്കുകയും ഇവിടത്തെ ജീവിത സാഹചര്യങ്ങളോട് ഐക്യപ്പെടുകയും ചെയ്യുന്നുണ്ട്. അതിനാൽ ബഹുഭാഷാത്വം കേരളത്തിന് അഭിമാനിക്കാവുന്ന ഒന്നാണ്.
സംസ്ഥാനരൂപീകരണം നിർവഹിച്ചിട്ടുള്ളത് ഭാഷാടിസ്ഥാനത്തിലാണ്. മലയാളഭാഷയിൽ വ്യവഹരിക്കുന്ന ജനവിഭാഗങ്ങളുടെ ദേശം എന്ന നിലയിലാണ് കേരളം അടയാളപ്പെടുത്തപ്പെടുന്നത്. അതിനാൽ കേരളത്തിന്റെ പൊതുഭാഷ മലയാളമാണ്.
ജനങ്ങളെ ഐക്യപ്പെടുത്തുന്ന പ്രധാനഘടകമാണ് ഭാഷ. ഇതര ദേശങ്ങളിൽ നിന്ന് എത്തുന്നവർ ഒരു ദേശത്ത് ഒത്തുകൂടുമ്പോൾ അവിടത്തെ വായുവും ജലവും മറ്റ് പ്രകൃതിവിഭവങ്ങളും എന്ന പോലെ ഭാഷയും അവരുടെ ജീവിതത്തിന്റെ ഭാഗമായിത്തീരുന്നു. അധിനിവേശകാലത്ത് മാത്രമേ ഇതിൽ നിന്ന് വ്യത്യസ്തമായി സംഭവിച്ചിട്ടുള്ളൂ. അത്തരം സന്ദർഭങ്ങളിൽ പ്രകൃതിവിഭവങ്ങളെയും ജനങ്ങളെയും അടിമപ്പെടുത്തുന്നതിന്റെ ഭാഗമായി ഭാഷ അടിച്ചേൽപ്പിക്കപ്പെട്ടു. അതിനാൽ ദേശീയോദ്ഗ്രഥനകാഴ്ചപ്പാടും ദേശത്തിന്റെ തനിമയെ സംബന്ധിച്ച വിശാലവീക്ഷണവും പരിഗണിച്ച് മലയാളം കേരളത്തിൽ സ്കൂൾ വിദ്യാഭ്യാസത്തിന്റെ അവിഭാജ്യ ഘടകമാക്കണം. ഏതുദേശത്തുനിന്ന് എത്തുന്നവർക്കും, ഏത് സാംസ്കാരിക പശ്ചാത്തലത്തിൽ വളർന്നവർക്കും ഐക്യപ്പെടാനുള്ള പൊതു ഇടമായി കേരളത്തിൽ മലയാളത്തെ കാണണം. വിഭാഗീയ ചിന്തകൾ, ഭീകരവാദം, മറ്റു ഛിദ്രവാസനകൾ തുടങ്ങിയവ വ്യാപിച്ചുകൊണ്ടിരിക്കുന്ന ലോകസാഹചര്യത്തിൽ ഐക്യപ്പെടലിന്റെ അടിസ്ഥാനഘടകം എന്ന നിലയിൽ ദേശത്തിന്റെ ഭാഷ സ്കൂൾ വിദ്യാഭ്യാസത്തിലെ മുഖ്യഘടകമായി മാറണം. ഇവിടെ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിന്റെ യോഗ്യതാമാനദണ്ഡമായി മലയാളപഠനത്തിലൂടെ ലഭിച്ച അംഗീകാരം പരിഗണിക്കപ്പെടേണ്ടതുണ്ട്. അതേസമയം മറ്റ് നിരവധി ഭാഷകൾ പഠിക്കാനും ചിന്തയുടെ വ്യാപ്തി വർദ്ധിപ്പിക്കാനും അവസരമൊരുക്കുകയും വേണം. അത് കുട്ടിയുടെ താല്പര്യംപോലെ തിരഞ്ഞെടുക്കാവുന്നതാണ്.

വിദ്യാഭ്യാസശാസ്ത്രപ്രകാരം പഠനം സ്വാഭാവികമാവുന്നത് സമീപസ്ഥ സമൂഹത്തിന്റെ ഭാഷയിൽ ജ്ഞാനാർജനം നടത്തുമ്പോഴാണ്. ചിന്തയുടെ വികാസം സാധ്യമാകുന്നതിൽ ഭാഷാപഠനത്തിനുള്ള സ്ഥാനവും പരിഗണിക്കേണ്ടതുണ്ട്. താൽക്കാലികമായ ഉപയോഗം, കാര്യലാഭം, പരീക്ഷ നയിക്കാനുള്ള കുറുക്കുവഴി എന്നിങ്ങനെ പല ഘടകങ്ങളും ഭാഷാപഠനത്തിന്റെ ഉദ്ദേശ്യശുദ്ധിക്ക് കളങ്കം വരുത്തുന്നുണ്ട്. ഭാഷ പഠിക്കുന്നത് ചതുർനൈപുണികൾ (ശ്രവണം, ഭാഷണം, വായന, ലേഖനം) അഭ്യസിക്കുന്നതിനുവേണ്ടി മാത്രമല്ല. ഇതര വിഷയങ്ങൾപോലെയോ അതിനപ്പുറമോ ഉള്ള സ്ഥാനം വിദ്യാഭ്യാസത്തിൽ ഭാഷയ്ക്കുണ്ട്. തൊട്ടുകാണിക്കാവുന്ന ഒരു നേട്ടം വച്ച് ഭാഷാപഠനത്തെ അളക്കാൻ ശ്രമിക്കുന്നത് വിദ്യാഭ്യാസകാഴ്ചപ്പാടിന് ചേർന്നതല്ല.

സമിതിയുടെ നിർദ്ദേശങ്ങൾ

1. കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ തലത്തിലും മലയാളം നിർബന്ധിതമാക്കണം.

2. 5 മുതൽ 10 വരെ ക്ലാസുകളിൽ ഒന്നാം ഭാഷയ്ക്ക് രണ്ടു പേപ്പറുകൾ ഉണ്ട്. ഒന്നാം പേപ്പറിന് 4 പീരീഡും രണ്ടാം പേപ്പറിന് 2 പീരീഡുമാണ് നിലവിൽ അനുവദിച്ചിട്ടുള്ളത്. സംസ്കൃതം, അറബിക്, ഉർദു ഭാഷകൾ പഠിക്കുന്ന കുട്ടികൾ രണ്ടാം പേപ്പർ ആയിട്ടാണ് മലയാളം പഠിക്കുന്നത്. മാതൃഭാഷാ പഠിക്കാൻ മതിയായ സമയം ഇവർക്കു കിട്ടുന്നില്ല. അതിനാൽ രണ്ടു പേപ്പറിനും 3 പീരീഡ് വീതം അനുവദിച്ച് പീരീഡ് ഘടനയിൽ മാറ്റം വരുത്തണം.

3. പുതിയ രീതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭാഷാധ്യാപക തസ്തികകൾ തീരുമാനിക്കുന്നതിലെ മാനദണ്ഡങ്ങൾ പുനർനിർണയിക്കുകയും അധ്യാപക തസ്തികകൾ സംരക്ഷിക്കുകയും വേണം.

4. മാതൃഭാഷാപഠനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേരളപാഠ്യപദ്ധതി ചട്ടക്കൂടിലെ നിർദ്ദേശം പരിഗണിച്ച് രണ്ടാം പേപ്പറിന് അടിസ്ഥാന പാഠാവലി എന്ന പേരിൽ സമഗ്രമായ ഒരു പാഠപുസ്തകം വികസിപ്പിച്ചിട്ടുണ്ട്. അത് സംസ്ഥാന സർക്കാരിന്റെ നേട്ടമായി കണക്കാക്കാം.

5. കന്നഡ, തമിഴ് തുടങ്ങിയ മാതൃഭാഷകൾ പഠിക്കുന്ന വിദ്യാർഥികൾക്കും കേരള സമൂഹത്തിൽ ജീവിക്കുന്നവർ എന്ന നിലയിൽ മലയാളം പഠിക്കാൻ അവസരം നൽകണം. അതിനായി ഒന്നാം ഭാഷയിലെ രണ്ടാം പേപ്പർ (3പീരീഡ്) ഈ വിദ്യാർഥികളും പഠിക്കേണ്ടതാണ്.

6. സംസ്കൃതം സ്കൂളുകളിലും അറബിക് സ്കൂളുകളിലും മലയാള പഠനത്തിനുള്ള അവസരം ഉറപ്പുവരുത്തേണ്ടതാണ്. മലയാളത്തിന് 3 പീരീഡ് ഈ സ്കൂളുകളിലും ഏർപ്പെടുത്തണം. എന്നാൽ സംസ്കൃതവും അറബിക്കും ഗൗരവത്തോടെ പഠിക്കാനുള്ള അവസരം കുറയാനും പാടില്ല.

7. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിൽ താമസമാക്കി സ്കൂൾ വിദ്യാഭ്യാസം നേടുന്നവർക്ക് മലയാളപഠനത്തിന്റെ അടിത്തറ പാകുന്നതിന് പ്രത്യേക പാഠപുസ്തകം തയാറാക്കണം. അവർ ഒന്നാം ഭാഷയായി ഈ പാഠപുസ്തകം പഠിക്കുകയും അതിനെ അടിസ്ഥാനമാക്കി പൊതു പരീക്ഷ എഴുതുകയും വേണം.

8. കേരളത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര ബോർഡുകളുടെ കീഴിലുള്ള സ്കൂളുകളിലും ഒരു നിർബന്ധിത വിഷയമായി മലയാളം പഠിപ്പിക്കാൻ നടപടി സ്വീകരിക്കണം.

9. വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 1 മുതൽ 8 വരെ ക്ലാസുകളിൽ പഠനമാധ്യമം മലയാളമാക്കാൻ നടപടികൾ സ്വീകരിക്കണം. ഇത് കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകളിലും നടപ്പിലാക്കണം. മറ്റു ബോർഡുകളുടെ അംഗീകാരത്തോടെ നടത്തുന്ന സ്കൂളുകൾ ഈ വ്യവസ്ഥ പാലിച്ചാൽ മാത്രമേ എൻ.ഒ.സി. നൽകാൻ പാടുള്ളൂ.

10. വൊക്കേഷണൽ ഹയർസെക്കണ്ടറിയിൽ നിലവിൽ ഇംഗ്ലീഷ് മാത്രമാണ് ഭാഷയായി പഠിപ്പിക്കുന്നത്. ഇതിനുപകരം ഇംഗ്ലീഷോ മലയാളമോ തിരഞ്ഞെടുക്കാനുള്ള അവസരം നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം.

11. സംസ്ഥാനത്തെ എല്ലാ ഹയർസെക്കണ്ടറി സ്കൂളുകളിലും മലയാളം പഠിക്കാൻ അവസരം ഉണ്ടാവണം.

12. പുതിയ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മലയാളത്തിന്റെ സിലബസിൽ ആവശ്യമായ ക്രമീകരണം വരുത്തണം.

സമിതി അംഗങ്ങൾ

1. ഡോ. ആർ.വി.ജി. മേനോൻ (ചെയർമാൻ)
2. ശ്രീ. എൻ. ശ്രീകുമാർ
3. ശ്രീമതി. ആർ.ബി. രാജലക്ഷ്മി
4. ശ്രീ. സി. ഉസ്മാൻ
5. ശ്രീ. ചുനക്കര ഹനീഫ
6. ഡയറക്ടർ, ഹയർ സെക്കണ്ടറി
7. ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി
8. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി (കൺവീനർ)